| | | |
|---|---|---|
| Email:<br>**sdc.kerala@gmail.com** | **വാർത്താക്കുറിപ്പ്** | TELEPHONE: 0471-2335030<br>MOBILE : 8281000127 |
| | **കേരള സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ**<br>**കോർപ്പറേഷൻ ബിൽഡിംഗ് നാലാം നില, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-695033** | **24th February 2025** |


## വാർഡു വിഭജനം : ഒൻപത് തദ്ദേശസ്ഥാപനങ്ങളിലെ പരാതിക്കാരെ ഡീലിമിറ്റേഷൻ കമ്മീഷൻ മാർച്ച് ഏഴിന് നേരിൽ കേൾക്കും

ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിനെ തുടർന്ന് പാലക്കാട് ജില്ലയിലെ പട്ടാമ്പി, കോഴിക്കോട് ജില്ലയിലെ മുക്കം, കൊടുവള്ളി, പയ്യോളി, ഫറോക്ക്, കണ്ണൂർ ജില്ലയിലെ പാനൂർ, മട്ടന്നൂർ, ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റികളിലെയും കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിലെയും വാർഡുവിഭജനം സംബന്ധിച്ച പരാതിക്കാരെ നേരിൽ കേൾക്കാൻ ഡീലിമിറ്റേഷൻ കമ്മീഷൻ തീരുമാനിച്ചുവെന്ന് കമ്മീഷൻ ചെയർമാൻ എ.ഷാജഹാൻ അറിയിച്ചു.

ഈ തദ്ദേശസ്ഥാപനങ്ങളിലെ കരട് വാർഡുവിഭജന നിർദ്ദേശങ്ങളെ സംബന്ധിച്ച് പരാതികൾ നൽകിയവരെ മാർച്ച് ഏഴിന് രാവിലെ 10 മണി മുതൽ തിരുവനന്തപുരം തൈക്കാട് ഗവ.ഗസ്റ്റ് ഹൗസിൽ വച്ച് കമ്മീഷൻ നേരിൽ കേൾക്കും.

സംസ്ഥാനത്തെ മറ്റ് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവടങ്ങളിലെ വാർഡു വിഭജന പരാതികൾ സംബന്ധിച്ച് ഡീലിമിറ്റേഷൻ കമ്മീഷൻ ജില്ലകളിൽ നടത്തിയ പബ്ലിക് ഹീയറിംഗ് ഫെബ്രുവരി 22-ന് പൂർത്തിയായിരുന്നു.

നവംബർ 16-ന് പത്തനംതിട്ടയിൽ ആരംഭിച്ച ഹീയറിംഗ് പതിനാല് ജില്ലകളിലായി പതിനേഴ് ദിവസം നീണ്ടു. കൂടുതൽ പരാതിക്കാരുണ്ടായിരുന്ന മലപ്പുറം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ രണ്ട് ദിവസവും മറ്റ് ജില്ലകളിൽ ഓരോ ദിവസവുമായിരുന്നു ഹീയറിംഗ്.

ഹീയറിംഗിന് ഹാജരായ മുഴുവൻ പരാതിക്കാരെയും നേരിൽ കേട്ടു. പരാതികൾ പരിശോധിച്ച് ഡീലിമിറ്റേഷൻ കമ്മീഷൻ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കും.

തുടർന്ന് രണ്ടാം ഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെയും മൂന്നാം ഘട്ടത്തിൽ ജില്ലാ പഞ്ചായത്തുകളുടെയും വാർഡുവിഭജനം നടത്തും.

*(എസ്.ഡി.സി. 03/2025)*